## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പു പദ്ധതി പ്രകാരം വനിതാ തൊഴിലാളികൾക്ക് നൽകുന്ന കൂലി

നക്ഷത്രചിഹ്നമിടാത്ത 27.06.2014 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 4628

ചോദ്യം. ഉത്തരം.

| ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം പണിയെടുക്കുന്ന വനിതാ തൊഴിലാളികൾക്ക് എത്ര രൂപയാണ് കൂലിയായി നൽകുന്നത്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീയ്ക്കും പുരുഷനും തുല്ല്യവേതനമാണ്. 01.04.2014 മുതൽ സംസ്ഥാനത്തെ അവിദഗ്ദ്ധ കായിക വേതന നിരക്ക് 212 രൂപയാണ്. |
| (ബി) | കൂലി കുടിശ്ശികയുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇപ്പോൾ 63.77 കോടി രൂപ കൂലി കുടിശ്ശികയുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് യഥാസമയം ലഭിക്കാതെ വന്നതിനാലാണ് കൂലികുടിശ്ശിക ഉണ്ടായത്. |
| (സി) | ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) | കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനാ വശ്യമായ പ്രൊപ്പോസൽ യഥാസമയം നല്കുകയുണ്ടായി. അതിന്റെ ഫലമായി ഇപ്പോൾ കേന്ദ്രത്തിൽ നിന്നും 68.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ